ഇ4 - 980/16

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 10.11.2016
Email - swdkerala@gmail.com
Phone - 0471-2306040

സാമൂഹ്യനീതി ഡയറക്ടർ

സെക്രട്ടറി
സാമൂഹ്യനീതി വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം: സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - KSEB യിൽ നിന്ന് മാതൃ വകുപ്പിൽ പുനർ നിയമനം നൽകണമെന്ന ശ്രീ. K.K.രൂപേഷ് സമർപ്പിച്ച അപേക്ഷ - സ്പഷ്ടീകരണം സംബന്ധിച്ച്.

സൂചന:
1. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ 07.01.2016 ലെ EB3/മീറ്റർ റീഡർ/2015 നം കത്ത്.
2. ശ്രീ. കെ.കെ രൂപേഷ് (മുൻ ക്ലാർക്ക് സാ.നീ.വ) സമർപ്പിച്ച 28/10/2015 ലെ അപേക്ഷ.

ഈ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ആഫീസിൽ സേവന അനുഷ്ഠിച്ചു വന്നിരുന്ന ശ്രീ. കെ.കെ രൂപേഷ് KSEB യിൽ മീറ്റർ റീഡർ തസ്തികയിൽ നിയമനം ലഭിച്ചതിനെ തുടർന്ന് 25.03.2011 ൽ ഈ വകുപ്പിൽ നിന്ന് വിടുതൽ വാങ്ങിയിരുന്നു. ശ്രീ. കെ.കെ.രൂപേഷ് മാതൃവകുപ്പിൽ പുനർ നിയമനം ലഭിക്കുന്നതിലേയ്ക്ക് സൂചന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ പരിഗണിച്ച് ടിയാൾ KSEB യിൽ കൺഫർമേഷൻ ലഭിച്ചിട്ടുള്ള ജീവനക്കാരനാണോയെന്ന് ആരാഞ്ഞതിന് മറുപടിയായി ടിയാൾ ഒരു സ്ഥിരം ജീവനക്കാരനാണെന്ന് KSEB മറുപടി നൽകിയിട്ടുണ്ട്.

ശ്രീ. കെ.കെ രൂപേഷ് ഈ വകുപ്പിൽ മിനിസ്റ്റീരിയൽ ജീവനക്കാരനായിരുന്നു. KSEB യിൽ മീറ്റർ റീഡർ തസ്തിക മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ടതാണോയെന്ന് വ്യക്തമല്ല. മറ്റൊരു സർവ്വീസിൽ കൺഫർമേഷൻ ലഭിക്കാത്തവർക്ക് മാതൃവകുപ്പിലേയ്ക്ക് KS&KSSR ചട്ടം 8 പ്രകാരം മടങ്ങിവരാവുന്നതാണെങ്കിലും ശ്രീ.കെ.കെ രൂപേഷ് ഒരു സ്ഥിരം ജീവനക്കാരനാണെന്ന് KSEB അറിയിച്ചിട്ടുള്ളത്. കൺഫർമേഷൻ ലഭിക്കപ്പെട്ട സ്ഥിരം ജീവനക്കാരനാണോയെന്ന് വ്യക്തമാക്കിയിട്ടുമില്ല. നിലവിൽ KSEB ഇൻഡ്യൻ കമ്പനി നിയമപ്രകാരമാണ് പ്രവർത്തിക്കുന്നത്. കമ്പനിയായതിനു ശേഷം KSR KS&SSR എന്നീ ചട്ടങ്ങൾ അവിടെ അതേ പടി ബാധകമാണോയെന്ന് വ്യക്തമല്ല. കമ്പനിയുടെ കീഴിൽ ടിയാളുടെ പെൻഷൻ സംബന്ധമായ വിഷയത്തെ ക്കുറിച്ചും വ്യക്തതയില്ല.

dh

ഈ സാഹചര്യത്തിൽ ശ്രീ. കെ.കെ രൂപേഷിന് ഈ വകുപ്പിൽ പു[illegible] നിയമനം നൽകാവുന്നതാണോയെന്ന കാര്യത്തിൽ സ്പഷ്ടീകരണം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. സൂചന (1),(2) എന്നിവയുടെ പകർപ്പുകൾ ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

o/c

dh

**വിവരാവകാശം / മറുപടി**

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 12-1-2017.

നമ്പർ: E4-365/16.

സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

രൂപേഷ് കെ.കെ
കൃഷ്ണശ്രീ,
ചോയി ബസാർ,
മക്കട പി.ഒ
കോഴിക്കോട് 673611.

മാഡം,

വിഷയം: സാ.നീതി വകുപ്പ് - വിവരാവകാശം 2005 - മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച് -

സൂചന: താങ്കളുടെ 3.1.17ലെ അപേക്ഷ.

വിവരാവകാശ നിയമപ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

KSEBയിൽ മീറ്റർ റീഡർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന താങ്കൾ ഈ വകുപ്പിലേയ്ക്ക് പുനർനിയമനം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ അപേക്ഷ സർക്കാർ പരിഗണനയിലാണെന്നറിയിക്കുന്നു. (ഈ കാര്യാലയത്തിലെ 10.11.16ലെ ഇ4/980/16 നം. കത്ത് പ്രകാരം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്).

മേൽ പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം താഴെ കാണുന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

**പ്രീത എസ്.നായർ**
അപ്പലേറ്റ് അതോറിറ്റി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ, 5- ാം നില
തിരുവനന്തപുരം-695 033.

വിശ്വസ്തതയോടെ,

**ശ്യാംശങ്കർ.എസ്.എൽ**
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
& സീനിയർ സൂപ്രണ്ട്,
സാമൂഹ്യനീതി വകുപ്പ്

db@15